## കേരള സർവകലാശാല

നം. പി.ആർ.107/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഡോ.വി.കെ രാമചന്ദ്രൻ സെർച്ച് കമ്മിറ്റിയിലെ സെനറ്റ് പ്രതിനിധി

സർവകലാശാലയുടെ പുതിയ വൈസ്ചാൻസലറെ കണ്ടെത്തുന്നതിനുള്ള സെർച്ച് കമ്മിറ്റിയിലെ സെനറ്റ് പ്രതിനിധിയായി സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ ഡോ. വി.കെ.രാമചന്ദ്രനെ തെരഞ്ഞെടുത്തു.

## പി.എച്ച്.ഡി നൽകി

കേരള സർവകലാശാല ആരണ്യ.എസ് (ഫിസിക്സ്), രാമകൃഷ്ണ സുക മാൻഞ്ചി (കെമിസ്ട്രി), അഖിലാണ്ഡേശ്വരി.ഡി, രമ്യ.ആർ.പ്രഭു (ബയോടെ ക്നോളജി), ഗായത്രി ദേവി.എൽ (സംസ്കൃതം), രഞ്ചു രവി, സ്മിത.പി.എസ് (മലയാളം), സിന്ധു.യു.എസ് (എഡ്യൂക്കേഷൻ) എന്നിവർക്ക് പി.എച്ച്.ഡി നൽകി.

## ബി.ബി.എ പ്രോജക്ട് മൂല്യനിർണയം, വൈവ

ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.ബി.എ ഡിഗ്രി പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവ വോസിയും മേയ് 17, 18 തീയതികളിൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക്ക് ടൈംടേബിൾ

മേയിൽ ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ആർക്ക് (റഗുലർ & സപ്ലിമെന്ററി –2013 സ്കീം) പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ മ്യൂസിക് ടൈംടേബിൾ

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷ മേയ് 14 മുതൽ 18 വരെ അതത് കോളേജുകളിൽ വച്ച് നടത്തും. വിശ ദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം ഫലം

2017 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.കോം 2016 അഡ്മിഷൻ (റഗുലർ), 2015 അഡ്മിഷൻ (ഇംപ്രൂവ്മെന്റ്), 2014 & 2013 അഡ്മിഷൻ (സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരി ശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി മേയ് 29. ഇതിന് വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്ന കരട് മാർക്ക് ലിസ്റ്റ് ഉപയോഗി ക്കാം.

## റിസർച്ച് അദാലത്ത്

കേരള സർവകലാശാലയിലെ ഗവേഷക വിദ്യാർത്ഥികളുടെ വിവിധ പ്രശ്ന ങ്ങൾ പരിഹരിക്കുന്നതിനായി മേയ് 14-ന് അദാലത്ത് സംഘടിപ്പിക്കും. അദാല ത്തിൽ പങ്കെടുക്കുന്നതിനുള്ള മെമ്മോ ഓൺലൈൻ വഴി പരാതി രജിസ്റ്റർ ചെയ്തവർക്ക് അയച്ചിട്ടുണ്ട്. അദാലത്തിൽ പങ്കെടുക്കുന്നതിന് അറിയിപ്പ് ലഭി ച്ചിട്ടുള്ളവർ പരാതി സംബന്ധിച്ച രേഖകൾ സഹിതം അന്നേ ദിവസം രാവിലെ 9.30-ന് സെനറ്റ് ചേമ്പറിൽ എത്തിച്ചേരണം.

## ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ എൽ.എൽ.ബി/ബി.കോം എൽ. എൽ.ബി/ബി.ബി.എ എൽ.എൽ.ബി ടൈംടേബിൾ

ജൂൺ നാലിന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീ ക്ഷകളുടെ പുനക്രമീകരിച്ച ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പരീക്ഷ മാറ്റി

മേയ് 14-ന് ആരംഭിക്കാനിരുന്ന അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ. എൽ.ബി പരീക്ഷകൾ മേയ് 30 മുതൽ ആരംഭിക്കുന്ന രീതിയിൽ പുനക്രമീകരി ച്ചു.

## പി.ജി ഡിപ്ലോമ ഇൻ യോഗാതെറാപ്പി (മോർണിംഗ് ബാച്ച്) പ്രവേശനം

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ യോഗാതെ റാപ്പി (മോർണിംഗ് ബാച്ച്) കോഴ്സിന് അപേക്ഷ ക്ഷണിയ്ക്കുന്നു. കേരള സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാനയോഗ്യത. കോഴ്സ് കാലാവധി ഒരു വർഷം. ക്ലാസ്സുകൾ തിങ്കൾ മുതൽ ശനി വരെ രാവിലെ ഏഴ് മണി മുതൽ ഒൻപത് മണി വരെ. കോഴ്സ് ഫീസ്: 19,500/-. അപേക്ഷാഫീസ്: 100 രൂപ. അവസാന തീയതി: മേയ് 16. വിശദവിവരങ്ങൾക്ക്: 0471-2302523.

## സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ: ഈവനിംഗ് ബാച്ച് – പ്രവേശനം

തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ ഈവനിംഗ് കോഴ്സിന് മേയ് 15 വരെ അപേക്ഷിയ്ക്കാം. യോഗ്യത: പ്ലസ് ടു/പ്രീ-ഡിഗ്രി ജയിച്ചിരിക്കണം. ഫീസ്: 6000/- രൂപ. അപേ ക്ഷാഫീസ്: 100 രൂപ. ക്ലാസ്സുകൾ: തിങ്കൾ മുതൽ ശനി വരെ വൈകുന്നേരം അഞ്ച് മണി മുതൽ ഏഴ് മണി വരെ. വിശദവിവരങ്ങൾക്ക് തിരുവനന്തപുരം പി.എം.ജി ജംങ്ഷനിലെ CACEE ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 -2302523.

## അപേക്ഷ ക്ഷണിച്ചു

ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പ് നടത്തുന്ന പോസ്റ്റ് ഗ്രോജ്വേറ്റ് ഡിപ്ലോമ ഇൻ നോളജ് മാനേജ്മെന്റ് (പി.ജി.ഡി.കെ.എം) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മേയ് 30. വിശദവിവര ങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) job notification എന്ന ലിങ്കിൽ ലഭി ക്കും.

തിരുവനന്തപുരം.
10.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**